## പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ 2894

18.06.2018 ൽ
മറുപടിയ്ക്ക്

### മംഗലം ഡാമിലെ കടപ്പാറ പട്ടികവർഗ്ഗ കോളനിയിലെ കുടുംബങ്ങൾക്ക് പട്ടയം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. കെ.ഡി. പ്രസേനൻ** | **ഇ. ചന്ദ്രശേഖരൻ**<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) ആലത്തൂർ നിയോജക മണ്ഡലത്തിലെ മംഗലം ഡാമിലെ കടപ്പാറ പട്ടികവർഗ്ഗ കോളനിയിലെ കുടുംബങ്ങൾക്ക് പട്ടയം നൽകുന്നതിന്റെ ഭാഗമായി ഇന്നേവരെ റവന്യൂ വകുപ്പ് നടത്തിയ പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ; | (എ) ആലത്തൂർ താലൂക്കിലെ മംഗലം ഡാം ഫോറസ്റ്റ് സ്റ്റേഷൻ പരിധിയിൽ വരുന്ന കടപ്പാറ കോളനിയിലെ എസ്.ടി. മലയൻ വിഭാഗത്തിൽപ്പെട്ട 22 കുടുംബങ്ങൾക്ക് 60 സെന്റ് വീതം ഭൂമിയ്ക്ക് വനാവകാശം നൽകുന്നതിനായി ഗ്രാമസഭ പാസ്സാക്കിയതും പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന അന്വേഷണം പൂർത്തിയാക്കിയതുമായ 22 അപേക്ഷകൾ എഫ്. ആർ. സി. പാസ്സാക്കി സബ് ഡിവിഷണൽ കമ്മിറ്റിയ്ക്ക് സമർപ്പിച്ചിരുന്നു. പ്രസ്തുത അപേക്ഷകൾ പുന:പരിശോധിക്കേണ്ടതാണെന്ന് ആലത്തൂർ ഫോറസ്റ്റ് റെയ്ഞ്ച് ഓഫീസർ എസ്.ഡി.എൽ.സി. യോഗത്തിൽ അറിയിക്കുകയും, തുടർന്ന് നെന്മാറ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ നിർദ്ദേശാനുസരണം കടപ്പാറ ആദിവാസി കോളനിയിൽ വനഭൂമിയ്ക്കായി അവകാശം ഉന്നയിക്കുന്നത് അർഹതപ്പെട്ടവർ തന്നെയാണെന്ന് ഉറപ്പ് വരുത്തുന്നതിനായി, തൊട്ടടുത്ത കോളനിയിലെ പ്രായം ചെന്ന ഒരാളിൽ നിന്നും പ്രസ്തുത കുടുംബങ്ങൾ അവകാശം ഉന്നയിക്കുന്ന സ്ഥലത്ത് വർഷങ്ങളായി താമസിക്കുന്നവരാണ് എന്ന് സത്യവാങ്മൂലം ലഭ്യമാക്കുവാൻ തീരുമാനിക്കുകയും, അതിൻപ്രകാരം കടപ്പാറ തളികക്കല്ല് കോളനിയിലെ ഊരുമൂപ്പൻ |

സത്യവാങ്മൂലം സമർപ്പിക്കുകയും ചെയ്തിരുന്നു. തുടർന്ന് വനം, പട്ടികവർഗ്ഗ വികസനം, റവന്യൂ, സർവ്വേ വകുപ്പുകളിലെ ഉദ്യോഗസ്ഥർ സംയുക്തപരിശോധന നടത്തുകയും അതിന്റെ അടിസ്ഥാനത്തിൽ 29.06.2016 ൽ കൂടിയ പാലക്കാട് സബ് ഡിവിഷണൽ കമ്മിറ്റി പ്രസ്തുത 22 അപേക്ഷകളും അംഗീകരിക്കുകയും ജില്ലാതല സമിതിയ്ക്ക് ശുപാർശ ചെയ്യുകയും ചെയ്തിരുന്നു. 01.07.2016 ന് കൂടിയ ജില്ലാതല കമ്മിറ്റി യോഗത്തിൽ വനം വകുപ്പ് യാതൊരു ആക്ഷേപവും ഉന്നയിക്കാതിരുന്നതിനാൽ ഓരോ അപേക്ഷയും, അനുബന്ധരേഖകളും, തിരിച്ചറിയൽ രേഖകളും പരിശോധിച്ച് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ അപേക്ഷകരുടെ കൈവശത്തിലുള്ളതായ ആലത്തൂർ താലൂക്ക്, മംഗലം ഡാം വില്ലേജ്, ബ്ലോക്ക് 50 സർവ്വേ നമ്പർ 154/pt ൽ ഉൾപ്പെടുന്ന 60 സെന്റ് ഭൂമി വീതം അനുവദിക്കുവാനുമുള്ള ജില്ലാതല കമ്മിറ്റിയുടെ തീരുമാനപ്രകാരം കുടുംബങ്ങൾക്ക് ടൈറ്റിൽ അനുവദിക്കുവാൻ ട്രൈബൽ ഡെവലപ്പ്മെന്റ് ഓഫീസർ കൈവശരേഖ തയ്യാറാക്കിയെങ്കിലും, ആയത് സാക്ഷ്യപ്പെടുത്തുന്നതിനായി 25.10.2016 ൽ ചേർന്ന യോഗത്തിൽ നെന്മാറ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ വിയോജിപ്പ് പ്രകടിപ്പിക്കുകയാണുണ്ടായത്.

| | |
|---|---|
| (ബി) പട്ടികവർഗ്ഗ കോളനിയിലെ കുടുംബങ്ങൾക്ക് വനഭൂമി നൽകുന്നതിന് പകരമായി ഫോറസ്റ്റ് ആക്റ്റ് പ്രകാരം ആവശ്യപ്പെടുന്ന പകരം ഭൂമി നൽകാൻ തീരുമാനമായിട്ടുണ്ടോ; | (ബി) ഉണ്ട്. |
| (സി) ഈ കുടുംബങ്ങൾക്ക് എന്ന് പട്ടയം നൽകാൻ കഴിയുമെന്ന് വ്യക്തമാക്കാമോ? | (സി) കേരള ഫോറസ്റ്റ് കൺസർവ്വേഷൻ, 1980 സെക്ഷൻ 2 പ്രകാരം ആദിവാസികൾക്ക് ഭൂമി കൈമാറുന്നതിനും, പകരമായി മണ്ണാർക്കാട് താലൂക്കിലെ, കോട്ടത്തറ വില്ലേജിലെ സർവ്വേ നമ്പർ 1819/pt ൽ ഉൾപ്പെട്ട 53.44 ഏക്കർ മിച്ചഭൂമിയിൽ നിന്നും 29.34 ഏക്കർ മിച്ചഭൂമി |

വനം വകുപ്പിന് കൈമാറുന്നതിന് 15.07.2017 ന് ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ തീരുമാനിച്ചിരുന്നു. 1980 ലെ ഫോറസ്റ്റ് കൺസർവ്വേഷൻ ആക്റ്റ് സെക്ഷൻ 2 പ്രകാരം വനഭൂമി വനേതരാവശ്യത്തിന് വിനിയോഗിക്കുന്നതിനായി കേന്ദ്ര സർക്കാരിന്റെ മുൻകൂർ അനുമതി ലഭിക്കേണ്ടതിനാൽ, ആയതിലേക്കായി യൂസർ ഏജൻസിയായ റവന്യൂ വകുപ്പ് 2003 ലെ ഫോറസ്റ്റ് കൺസർവ്വേഷൻ റൂൾസ് സെക്ഷൻ 6 പ്രകാരം ഫോറം-എ യിൽ നോഡൽ ഓഫീസർക്ക് ഓൺലൈൻ അപേക്ഷ സമർപ്പിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു. വനം വകുപ്പിന് പകരം നൽകുന്ന മണ്ണാർക്കാട് താലൂക്കിലെ, കോട്ടത്തറ വില്ലേജിലെ സർവ്വേ നമ്പർ 1819/ pt ൽ ഉൾപ്പെട്ട 29.34 ഏക്കർ മിച്ചഭൂമിയുടെ കെ.എം.എൽ സ്കെച്ച് തയ്യാറാക്കുന്നതിന് ജി.പി.എസ്. റീഡിംഗ് എടുക്കുന്നതിനായി വനം വകുപ്പ് ഉദ്യോഗസ്ഥരുടെ സഹായത്തോടെ താലൂക്ക് സർവ്വേയർ ഫീൽഡിൽ പോയെങ്കിലും പ്രസ്തുത സ്ഥലം കാട് പിടിച്ച് കിടക്കുന്നതിനാലും കാട്ടാനകളുടെ സാന്നിധ്യം കാരണവും സർവ്വേ ജോലികൾ പൂർത്തിയാക്കുവാൻ സാധിച്ചിട്ടില്ല. 13.06.2018 ന് വീണ്ടും വനം വകുപ്പ് ഉദ്യോഗസ്ഥരുടെ സഹായത്തോടെ ജി.പി.എസ്. എടുക്കുവാനും മേൽ നടപടിക്രമങ്ങൾ പൂർത്തിയാകുന്ന മുറയ്ക്ക് പട്ടയം നൽകുവാനുമുള്ള നടപടി സ്വീകരിച്ചുവരുന്നു.

സെക്ഷൻ ഓഫീസർ